61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 105

# ആവിഷ്ക്കാരസ്വാതന്ത്ര്യം സാമൂഹ്യജീവിതത്തിൽ

അതിവേഗം കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. നൂതനസാങ്കേതികവിദ്യകൾ അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നാടോടുമ്പോൾ നടുവേ ഓടണം എന്നാണല്ലോ. മാറുന്ന ലോകത്തിന്റെ കീഴിൽ നാമും മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ അവകാശങ്ങളും സ്വാതന്ത്ര്യവുമെല്ലാം കൂടുതൽ സംരക്ഷിക്കപ്പെടേണ്ട ഒരു സാഹചര്യമാണ് ഇന്ന് ഉരുത്തിരിയുന്നത്. ജനാധിപത്യം, മതനിരപേക്ഷത, സ്ഥിതിസമത്വം തുടങ്ങിയ ഭരണഘടനാദർശനങ്ങളും അതോടൊപ്പം നമ്മുടെ ആവിഷ്ക്കാരസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

ഇന്ന് സമകാലികലോകത്ത് നമ്മുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുവാനും അത് നമ്മുടെ കാഴ്ചപ്പാടിൽ ആവിഷ്കരിക്കുവാനുമുള്ള സ്വാതന്ത്ര്യം ലഭ്യമാണ്. പണ്ടത്തെ കേരളീയസ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മൾ പുതുജനങ്ങൾ എത്രയോ ഭാഗ്യവാന്മാരാണ്. പണ്ട് ഒന്ന് ശബ്ദമുയർത്തി സംസാരിക്കുവാനോ സ്വന്തം നിലപാട് വ്യക്തമാക്കാനോ ഉള്ള സ്വാതന്ത്ര്യം കേരളത്തിലെ ജന-

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ങ്ങൾക്ക് ലഭിച്ചിരുന്നില്ല. എന്തിന്, വസ്ത്രസ്വാതന്ത്ര്യം പോലും ഉണ്ടായിരുന്നില്ല. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തി വാണ ഒരു കാലമായിരുന്നു അത്. മനുഷ്യന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നില്ല. സവർണരെന്നും അവർണരെന്നും മുദ്രകുത്തപ്പെട്ട ഒരു സമൂഹത്തിൽ മേലാളന്മാരായി എല്ലാവിധ സന്തോഷങ്ങളോടെയും സവർണർ ജീവിച്ചപ്പോൾ അവർണരാകട്ടെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിൽ വിവേചനങ്ങൾ നേരിട്ടു.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ"

എന്ന് ആശാൻ മനം നൊന്ത് പാടിയത് നാം കണ്ടതാണ്. സ്വാമി വിവേകാനന്ദനാകട്ടെ കേരളത്തെ ഒരു ഭ്രാന്താലയമായി വിശേഷിപ്പിച്ചു. എന്താണിതിന് കാരണമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. താഴ്ന്നവരെന്ന് മുദ്രകുത്തപ്പെട്ട ഒരു മനുഷ്യജീവിക്കുപോലും സമൂഹത്തിൽ സമാധാനത്തോടെ ജീവിക്കാൻ കഴിയാത്ത ഒരു സ്ഥിതിയായിരുന്നു അന്ന് കേരളത്തിലുണ്ടായിരുന്നത്. അഭിപ്രായസ്വാതന്ത്ര്യം വസ്ത്രസ്വാതന്ത്ര്യമോ ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല, വിദ്യ അഭ്യസിക്കാനുള്ള സ്വാ-

ക്ഷേത്രമോ പോലും പാവപ്പെട്ടവനുണ്ടായിരുന്നില്ല. നിലത്തിരു-
ന്ന് പഠിക്കേണ്ട ഗതികേടായിരുന്നു അവർക്ക്. ഇതുപോലും
ചില മേലാളന്മാർക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. വേദം പഠിക്കുന്ന
വന്റെ കാതിൽ ഈയം ഉരുക്കിയൊഴിക്കുന്ന അതിനീചമായ
പ്രവൃത്തികളും കേരളത്തിൽ നിലനിന്നു. സാമൂഹ്യ-
മായ ഇത്തരം മൂല്യച്യുതികൾ കേരളീയ സമൂഹത്തെ-
ഒരു ഭ്രാന്താലയമാക്കി മാറ്റി.

ഈ ഭ്രാന്താലയത്വത്തെ നിശ്ശേഷം നീക്കം
ചെയ്യുവാനാണ് ശ്രീനാരായണഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാ
മികൾ മുതലായവർ രംഗത്തെത്തിയത്. ഇവരുടെ പ്രവർ
ത്തനങ്ങളോടൊപ്പം തങ്ങളുടെ ആവിഷ്കാരസ്വാതന്ത്ര്യം
മുറുകെ പിടിച്ചുകൊണ്ട് ഒട്ടേറെ കവികളും കഥാകാരന്മാ-
രുമൊക്കെ രംഗത്തെത്തി.

"കാലം വൈകിപ്പോയി കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി
കെട്ടിനിറുത്താൻ കഴിയാതെ ദുർബല-
പ്പെട്ട ചരടിൽ ജനതതിയിക്കാലം
മാറ്റുവിൻ ചട്ടങ്ങളേ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ"

എന്ന് ഒരു ഭയവും കൂടാതെ ആശാൻ പാടിയത് അദ്ദേ-

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 105

ഘത്തിലെ ആവിഷ്കാരസ്വാതന്ത്ര്യത്തെ അദ്ദേഹം
മുറുകെ പിടിച്ചതുകൊണ്ടാണ്. ഒരേ ഭൗമാന്തരീക്ഷത്തിൻ-
കീഴിൽ ജീവിക്കുന്ന നാമോരുരുത്തരും ~~ഒ~~ ഒരേ അവകാ-
ശമുള്ളവരാണ്. എങ്കിലും ആശാൻ മാത്രമല്ല മറ്റനേകം
കലാകാരന്മാർ ഈ കാലഘട്ടങ്ങളിൽ ആവിഷ്കാരരംഗത്ത്
വ്യക്തി മുദ്ര പതിപ്പിച്ചു. തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ
കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം, വി.ടി. ഭട്ടതിരിപ്പാടിന്റെ അടു
ക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന നാടകം, ആശാന്റെ
ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി മുതലായ രചനകൾ അക്കാല
ഘട്ടത്തിലെ അനാചാരങ്ങൾക്കെതിരെയുള്ള ഒരു ചോദ്യ-
ചിഹ്നമായിരുന്നു.

തങ്ങൾക്കു നേരെയുണ്ടായ അതിക്രമങ്ങളെ
തിരിച്ചറിയാനോ പ്രതികരിക്കാനോ വിദ്യാഹീനരായ അന്ന
ത്തെ പാവം ജനങ്ങൾക്ക് കഴിഞ്ഞില്ല. എന്നിരുന്നാലും
ആശാനെപ്പോലുള്ള അനേകം ക്രാന്തദർശികൾ അവരുടെ
അവകാശങ്ങൾക്ക വേണ്ടി തൂലിക ചലിപ്പിച്ചു. ഇതിനെയെ
ല്ലാം ചവിട്ടിമെതിക്കുന്ന തരത്തിലുള്ള ഒരു മനോഭാവമാണ്
മേലാളന്മാർ പുലർത്തിയിരുന്നത്. ~~ഇക്ക~~

ഇക്കാലഘട്ടത്തിലെ ഇന്ത്യയുടെ സാമൂഹ്യസ്ഥിതി-
യും നാം വിലയിരുത്തേണ്ടതുണ്ട്. അക്കാലഘട്ടത്തിലെ ആളു

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

സാമൂഹികമായ ജീർണതകൾക്കെതിരെ സാഹിത്യത്തിലൂടെ പലരും പ്രതിഷേധിച്ചിട്ടുണ്ട്. ~~പ്ര~~ ബംഗാളി നോവലിസ്റ്റായ ബങ്കിം ചന്ദ്ര ചാറ്റർജി ഒരു പാശ്ചാത്യ സാഹിത്യരൂപമായിരുന്ന നോവലിനെ സാധാരണക്കാരന്റെ ജീവിതയാഥാർഥ്യങ്ങൾ ചിത്രീകരിക്കാനുള്ള മാധ്യമമാക്കി മാറ്റി. 'ആനന്ദമഠം' ആണ് അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ രചന. ബംഗാളിലെ സന്യാസി-കലാപത്തിന് പ്രേരകമായത്. ബംഗാളിലെ നീലംകർഷക സമരത്തെ ആസ്പദമാക്കി നാടകകൃത്തായ ദിനബന്ധുമിത്ര രചിച്ച 'നീൽദർപ്പൺ' മറ്റൊരു പ്രധാന രചനയാണ്.

സാഹിത്യത്തിലൂടെ മാത്രമല്ല മറ്റ് കലകളിലൂടെയും എഴു~~ത്തുകാർ അവരുടെ കല~~ കലാകാരന്മാർ അവരുടെ അഭിപ്രായങ്ങൾ ആവിഷ്കരിച്ചു. ഇതിന് ഉദാഹരണങ്ങളാണ് അബനീന്ദ്രനാഥ ടാഗോർ വരച്ച ഭാരതമാത എന്ന ചിത്രം, രാജാ രവിവർമയുടെ ചിത്രങ്ങൾ, അമൃതാഷേർഗിലിന്റെ ചിത്രങ്ങൾ, നന്ദലാൽ ബോസിന്റെ സതി പോലുള്ള ചിത്രങ്ങൾ എന്നിവ. ഇങ്ങനെയുള്ള സൃഷ്ടികളാണ് ജനങ്ങളിൽ ഐക്യബോധം സൃഷ്ടിക്കുന്നതിനും തുടർന്നുള്ള അതിജീവനത്തിനും വഴിത്തിരിവായത്.

മാധ്യമങ്ങളും ഇതിൽ വലിയ പങ്കു വഹിച്ചു. സമൂഹത്തിലെ അതിക്രമങ്ങളെക്കുറിച്ചും അതിനെതിരെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

നടക്കുന്ന സാമൂഹ്യപരിഷ്കരണത്തെക്കുറിച്ചും പത്രങ്ങൾ എഴുതാൻ തുടങ്ങി. ആവിഷ്കാരസ്വാതന്ത്ര്യം കൈമുതലാക്കി മാധ്യമങ്ങൾ സാമൂഹ്യപരിഷ്കരണരംഗത്തെത്തിയപ്പോൾ ഇതിനെതിരെ അന്ന് നിലവിലിരുന്ന ബ്രിട്ടീഷ് സർക്കാർ 1878 ൽ പ്രാദേശിക ഭാഷാ പത്രനിയമം പാസാക്കി. പ്രാദേശിക ഭാഷകളിൽ രചിതമായ പത്രങ്ങൾ സമൂഹത്തിലെ തങ്ങളുടെ ആധിപത്യം നഷ്ട~~മാക്കുമെന്ന~~ [പ്പെടുത്തുമെന്ന] ഭയമാണ് പത്രങ്ങൾ നിരോധിക്കാനൊരുങ്ങിയത്. നെപ്പോളിയൻ പോലും തുറന്നു പറഞ്ഞു ബയണറ്റിനേക്കാൾ ഞാൻ ഭയക്കുന്നത് പത്രത്തെയാണ്. ബയണറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനേക്കാൾ മൂർച്ചയാണ് പത്രത്തിനെന്ന്. പത്രങ്ങളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള നിയമത്തിനെതിരെ അനേകായിരങ്ങൾ രംഗത്തെത്തി. ഒടുവിൽ ഭരണകൂടത്തിന് ഈ നിയമം പിൻവലിക്കേണ്ടിവന്നു. അങ്ങനെ ഇന്ത്യാചരിത്രത്തിന്റെ അല്ലെങ്കിൽ ലോകചരിത്രത്തിന്റെ തന്നെ മുക്കിലും മൂലയിലും ആവിഷ്കാരസ്വാതന്ത്ര്യവും അതിന്റെ വിനിയോഗവും അതിനെതിരെ നടന്ന അതിക്രമങ്ങളും അതിജീവനവുമെല്ലാം വ്യക്തമാണ്.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ഇനി ആധുനികസമൂഹത്തിലെ ആവിഷ്കാ-
രസ്വാതന്ത്ര്യം നാം പരിശോധിക്കേണ്ടതുണ്ട്. സാഹിത്യവും
മറ്റ് കലകളും കലാരൂപങ്ങളും ആധുനിക വൽക്കരിക്ക-
പ്പെടുന്ന ഈ കാലത്ത് ആവിഷ്കാരസ്വാതന്ത്ര്യം
എഴുത്തുകാരും മറ്റുള്ളവരും പരമാവധി വിനിയോഗിക്കുന്നു
എം. ടി. വാസുദേവൻ നായരുടെ അഭിപ്രായത്തിൽ ഒരു കൃതി
രചിക്കുമ്പോൾ രചയിതാവിന്റെ മുന്നിൽ വായനക്കാരനില്ല,
ആസ്വാദകസമൂഹമില്ല. തന്റെ അനുഭവതലങ്ങളെ പൂർ
ണമായ തോതിൽ ആവിഷ്കരിക്കുകയാണ് രചയിതാ-
വിന്റെ ലക്ഷ്യം. അതിനുശേഷം മാത്രമേ വായനക്കാരനെ
കുറിച്ച് ചിന്തിക്കുന്നുള്ളൂ എന്നതാണ്. ഇന്ന് നാമേവർക്കും
നമ്മുടേതായ ആവിഷ്കാരസ്വാതന്ത്ര്യമുണ്ട്. അവരവരുടെ
വികാരങ്ങളെയും അനുഭവങ്ങളെയും അഭിപ്രായങ്ങളെയും
എഴുത്തിലൂടെയോ സാമൂഹ്യമാധ്യമങ്ങളിലൂടെയോ എല്ലാം
ഇവങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾക്കുപോലും അവരു
ടെ അഭിപ്രായരൂപീകരണത്തിനും ആവിഷ്കരണത്തിനും
ഇന്ന് സ്വാതന്ത്ര്യമുണ്ട്. ഇതിനു തെളിവാണ് ഇന്ന് നമ്മു
ടെ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന പാഠ്യപദ്ധതി
പരിഷ്കരണം. ആർക്കുവേണ്ടിയാണോ പാഠ്യപദ്ധതി പരി
ഷ്കരിക്കുന്നത് അവർക്കുതന്നെ തങ്ങൾ പഠിക്കാൻ പോകുന്ന

Item Code: 643 Participant Code: 105

കാര്യങ്ങൾ എങ്ങനെയായിരിക്കണമെന്ന ~~അഭിപ്രായം~~ കാര്യപ്രകടിപ്പിക്കാനവസരം ലഭിച്ചിരിക്കുന്നു. അവരവരുടെ അഭിപ്രായങ്ങൾ ആവിഷ്കരിക്കുവാനും അധ്യാപകർക്കു നൽകുവാനും കഴിഞ്ഞു എന്നതിൽ നാമേവരും അഭിമാനിക്കേണ്ടതുണ്ട്. ~~അതുപോലെ തന്നെ~~

അതുപോലെ തന്നെ ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള മറ്റൊരുദാഹരണമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കലോത്സവം, ശാസ്ത്രമേള തുടങ്ങിയ പരിപാടികൾ. തങ്ങളുടേതായ രീതിയിൽ വിഷയങ്ങളെ സമീപിക്കാനും ആവിഷ്കരിക്കാനും വിദ്യാർഥികൾക്ക് അവസരമൊരു~~ങ്ങുകയാണ്~~ക്കുകയാണ് ഇത്തരം മത്സരപരിപാടികളിലൂടെ.

കണ്ണൂർ ജില്ലയിൽ വച്ചു നടക്കുന്ന ഇന്ത്യൻ ലൈബ്രറി കോൺഗ്രസിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രചനകൾ ഒരു പുസ്തകമായി തയ്യാറാക്കാനൊരുങ്ങുകയാണ്. 'കണ്ണൂരിന്റെ കയ്യെഴുത്തുകൾ' പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ഈ പ്രവർത്തനത്തിൽ കുട്ടികളുടെ ആവിഷ്കാരസ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുക കൂടിയാണ് ചെയ്യുന്നത് എന്നത് അഭിനന്ദനാർഹമാണ്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 643 Participant Code: 105

പണ്ടത്തെ തലമുറയുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ ഇന്നത്തെ ജനങ്ങളുടെ ആവിഷ്കാര-സ്വാതന്ത്ര്യം കൂടുതൽ അംഗീകരിക്കപ്പെടുന്നുവെന്ന് മന-സിലാക്കാം. അതേ സമയം ചിലപ്പോഴെങ്കിലും ആവിഷ്കാരസ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെടുന്നുവെന്നത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ചിലരുടെയെങ്കിലും ആവി-ഷ്കാരസ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഒരാളുടെ ~~അഭിപ്രായത്തിനെതിരെ മറ്റുള്ളവ~~ രചനയ്ക്കു നേരെ മറ്റുള്ളവർ ~~ക~~ വിമർശിക്കുന്ന കാഴ്ച പലയിടത്തും പ്രകടമാണ്. എന്നാൽ ഇത്തരം വിമർശനങ്ങൾ എഴു-ത്തുകാരെയും കലാകാരന്മാരെയും കൂടുതൽ ശക്തരാക്കുന്നുവെന്നതാണ് വാസ്തവം. "ഈ മനോഹര തീരത്തു തരുമോ ഇനിയൊരു ജന്മം കൂടി, എനിക്കിനിയൊരു ജന്മം കൂടി" എന്ന ഗാനം ഒരിക്കലും മരിക്കാത്ത മനുഷ്യനിലെ സർഗാത്മകതയെക്കൂടിയാണ് ചൂണ്ടിക്കാട്ടുന്നത്. ആ സർഗാത്മകത തന്നെയാണ് വയലാർ "അശ്വമേധം" എന്ന കവിതയിലൂടെ തുറന്നു കാണിച്ചിരിക്കുന്നത്.

കാലം അതിവേഗം ഒഴുകിനീങ്ങുക-യാണ്. മനുഷ്യന്റെ ബോധതലത്തിലുണ്ടാകുന്ന മാറ്റങ്ങൾ അനുസരിച്ച് സർഗാത്മകതയും കൂടുതൽ ശക്തി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പോഷിക്കുന്നു. ആധുനികതയുടെ ഈ കാലത്ത് നൻ-
മാത്മകതയുടെയും സംരക്ഷണം അത്യാവശ്യമാണ്.
നല്ല നല്ല കാര്യങ്ങൾ, വസ്തുതാപരമായ കാര്യങ്ങൾ
ആവിഷ്കരിക്കപ്പെടുമ്പോഴാണ് ആ ആവിഷ്കാര-
ത്തിന് ശക്തിയേറുക. അങ്ങനെ അനുനിമിഷം
കുതിക്കുന്ന ഈ ലോകത്ത് നല്ല കലാകാരന്മാ-
രായി, നന്മയുടെ വക്താക്കളായി, നല്ല വ്യക്തിത്വങ്ങ-
ളായി നമുക്ക് മാറാം.....

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)